Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/2025/1527 (92) തീയതി: 17.06.2025

# സർക്കുലർ

**വിഷയം: കൈറ്റ് – സ്കൂളുകൾ തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ 'സ്കൂൾവിക്കി'യിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന : സ. ഉ (സാധാ) നം. 1198/2022/GEDN തീയതി 01.03.2022.

സ്കൂളുകൾ തയാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ 'സ്കൂൾവിക്കി' പേജിൽ ഉൾപ്പെടുത്തുന്നതിന് സാങ്കേതിക സൗകര്യം ഒരുക്കിയിട്ടുണ്ട്. ഓരോ സ്കൂളും തയാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ അതത് സ്കൂളിന്റെ പേജിലെ **'പ്രോജക്ടുകൾ'** എന്ന വിഭാഗത്തിൽ **'അക്കാദമിക മാസ്റ്റർ പ്ലാൻ'** എന്ന കണ്ണിയിൽ .pdf രൂപത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്ന നിർദ്ദേശങ്ങളനുസരിച്ച് സ്കൂൾ വിക്കിയിൽ ഉൾപ്പെടുത്താവുന്നതാണ്. ഇതിനാവശ്യമായ *സഹായക ഫയലും വീഡിയോ ട്യൂട്ടോറിയലും* www.schoolwiki.in *ലെ അക്കാദമിക മാസ്റ്റർ പ്ലാൻ ഉൾപ്പെടുത്തുന്ന ഭാഗത്ത് ലഭ്യമാക്കിയിട്ടുണ്ട്.* സാങ്കേതിക നിർദ്ദേശങ്ങൾ അനുബന്ധമായി നൽകുന്നു.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ/

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും – അതത് വിദ്യാഭ്യാസ ഓഫീസർ മുഖേന

സ്റ്റോക് ഫയൽ

# <u>അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കി സ്കൂൾ വിക്കിയിൽ ചേർക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ</u>

## ഫയൽ തയ്യാറാക്കൽ

- പി.ഡി.എഫ്. ഫയൽ ആയിട്ടാണ് മാസ്റ്റർപ്ലാൻ സ്കൂൾവിക്കിയിൽ ചേർക്കേണ്ടത്.
- File size 4.8 MB യിൽത്താഴെ ആയിരിക്കണം. File SIze കൂടുതലാണെങ്കിൽ ഏതെങ്കിലും സോഫ്റ്റ് വെയർ ഉപയോഗിച്ച് അത് കുറയ്ക്കുക. ( ഇവിടെയുള്ള https://www.ilovepdf.com/compress_pdf സോഫ്റ്റ്‌വെയർ ഉപയോഗിച്ചും File Size ചെറുതാക്കാം. കംപ്രസ്സ് ചെയ്യുന്ന സമയത്ത് Extreme Compression എന്നത് തെരഞ്ഞെടുക്കുക.)

## ഫയൽനെയിം ഫോർമാറ്റ്


- File name ൽ സ്കൂൾ കോഡ്, ജില്ലാകോഡ്, AMP2025 എന്നിവ ഉണ്ടാകണം, ഇവ hyphen symbol ഉപയോഗിച്ച് വേർതിരിക്കണം, വാക്കുകൾക്കിടയിൽ സ്പേസ് നൽകരുത്.
- ജില്ലാകോഡ് പട്ടിക കാണുക

| District | Code |
|---|---|
| തിരുവനന്തപുരം | TVM |
| കൊല്ലം | KLM |
| പത്തനംതിട്ട | PTA |
| ആലപ്പുഴ | ALP |
| കോട്ടയം | KTM |
| ഇടുക്കി | IDK |
| എറണാകുളം | EKM |
| തൃശ്ശൂർ | TSR |
| പാലക്കാട് | PKD |
| മലപ്പുറം | MLP |
| കോഴിക്കോട് | KKD |
| വയനാട് | WYD |
| കണ്ണൂർ | KNR |
| കാസർഗോഡ് | KGD |

**ഫയൽനാമം ഉദാഹരണം: തിരുവനന്തപുരം** ജില്ലയിലെ 98987 എന്ന കോഡുള്ള വിദ്യാലയത്തിന്റെ മാസ്റ്റർപ്ലാൻ File name 98987-TVM-AMP2025.pdf എന്നായിരിക്കും.


## അപ്‌ലോഡിങ്


- ലോഗിൻ ചെയ്തശേഷം, പ്രധാനമെനുവിലെ **അപ്‌ലോഡ്** എന്ന കണ്ണി തുറക്കുമ്പോൾ ലഭിക്കുന്ന പേജ് വഴി ഫയൽ ചേർക്കുക.
- അപ്ലോഡ് പേജിലെ ചുരുക്കം എന്നതിൽ, Academic Master Plan 2025-26 എന്ന് നൽകുക.
- അപ്‌ലോഡ് ചെയ്യുന്ന പേജിൽ വർഗ്ഗം ചേർക്കേണ്ടയിടത്ത് Academic Masterplan 2025 എന്ന് ചേർക്കുക (Academic എന്ന് ടൈപ്പ് ചെയ്യാനാരംഭിക്കുമ്പോൾത്തന്നെ വർഗ്ഗം അവിടെ pop up ചെയ്യും. ശരി എന്നതിൽ ക്ലിക്ക് ചെയ്യുക), കൂടാതെ, സ്കൂൾകോഡ് കൂടി വീണ്ടും വർഗ്ഗമായി ചേർക്കുക.
- കാറ്റഗറി (വർഗ്ഗം) ചേർക്കാനുള്ള ഓപ്ഷൻ കാണുന്നില്ലായെങ്കിൽ, അത് ലഭിക്കുന്നതിന് **ക്രമീകരണങ്ങൾ പേജിലെ ഗാഡ്ജറ്റ് ടാബിലെ എല്ലാ ഓപ്ഷനും ടിക് മാർക്ക് നൽകി സേവ് ചെയ്യുക.**
- പകർപ്പവകാശ വിവരങ്ങൾ എന്നതിൽ നിന്നും **ക്രിയേറ്റീവ് കോമൺസ് ആട്രിബ്യൂഷൻ-ഷെയർ എലൈക് 4.0 ( CC-BY-SA-4.0 )** എടുക്കുക
- പ്രമാണം അപ്‌ലോഡ് ചെയ്യുക




- പ്രമാണത്തിന്റെ ഫയൽനാമം മുഴുവനായി Copy ചെയ്യുക.


## ഫയൽ പേജിൽ ഉൾപ്പെടുത്തൽ




- സ്വന്തം വിദ്യാലയപേജിലെ **പ്രോജക്ടുകൾ (Projects)** എന്ന വിഭാഗത്തിലെ **അക്കാദമിക മാസ്റ്റർപ്ലാൻ** എന്ന കണ്ണി തുറക്കുക.
- **സഹായം** കണ്ണിയിൽ വീഡിയോ സഹായി ഉൾപ്പെടെയുള്ള വിശദവിവരങ്ങളുണ്ട്.
- **സൃഷ്ടിക്കുക** എന്നതിൽ ക്ലിക്ക് ചെയ്യുക.
- **അക്കാദമിക മാസ്റ്റർപ്ലാൻ** 2025-26 എന്ന് ടൈപ്പ് ചെയ്ത് അത് **സെലക്ട് ചെയ്യുക.**
- ടൂൾബാറിലെ  ടൂളിൽ ക്ലിക്ക് ചെയ്യുക.
- തുറന്നുവരുന്ന Pop-up വിൻഡോയിലെ **അക്കാദമിക മാസ്റ്റർപ്ലാൻ** 2025 എന്നത് Delete ചെയ്ത് പ്രമാണത്തിന്റെ ഫയൽനാമം (അപ്‌ലോഡ് ചെയ്തശേഷം Copy ചെയ്തത്) Paste ചെയ്യുക.




- സേവ് ചെയ്യുക.
- പേജിന്റെ എറ്റവും താഴെ കാണുന്ന വർഗ്ഗങ്ങൾ (++): (+) എന്നതിലെ + അടയാളം ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്നയിടത്ത് Academic Masterplan 2025 എന്ന് ചേർക്കുക (Academic എന്ന് ടൈപ്പ് ചെയ്യാനാരംഭിക്കുമ്പോൾത്തന്നെ വർഗ്ഗം അവിടെ pop up ചെയ്യും. **ശരി** ക്ലിക്ക് ചെയ്യുക).




- പ്രവർത്തനം പൂർത്തിയായി.

---

- വീഡിയോ സഹായി **കാണുക**
- സാങ്കേതിക സഹായത്തിന് ബന്ധപ്പെടുക: സ്കൂൾവിക്കി ഹെൽപ്ഡെസ്ക്